## സൈലന്റ് വാലിയിലെ കഞ്ചാവുകൃഷി

124 [2998] ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ:

" പി. കെ. കെ. ബാവ:

" കെ. എൻ. എ. ഖാദർ:

" കളത്തിൽ അബ്ദുള്ള:

" യു. സി. രാമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സൈലന്റ് വാലിയിൽ വൻതോതിൽ കഞ്ചാവ് കൃഷി നടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇവിടത്തെ മരങ്ങൾ വെട്ടിത്തെളിച്ച് നടത്തുന്ന കഞ്ചാവുകൃഷി തടയുന്നതിനായി സ്വീകരിച്ച നടപടികളുടെ വിശദാംശം വെളിപ്പെടുത്തുമോ;

(സി) അതീവസംരക്ഷണ മേഖലയായ സൈലന്റ് വാലിയിൽ എത്തിച്ചേരുന്നതിന് സൗകര്യം ചെയ്തുകൊടുത്ത വനപാലകർക്കെതിരെ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ഡി) ഇല്ലെങ്കിൽ നടപടി സ്വീകരിക്കുമോ;

(ഇ) സൈലന്റ് വാലിയിൽ കഞ്ചാവ് കൃഷി നടക്കുന്ന മേഖലകളേതൊക്കെയാണ്; എത്ര ഏക്കർ സ്ഥലത്ത് കഞ്ചാവ് കൃഷി നടത്തുന്നുണ്ടെന്ന് വ്യക്തമാക്കാമോ;

(എഫ്) ഇതുമായി ബന്ധപ്പെട്ട് എത്രപേരെ അറസ്റ്റ് ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ജി) കഞ്ചാവു കൃഷിക്കാർക്കെതിരെ നടപടി എടുത്ത് സൈലന്റ് വാലിയെ സംരക്ഷിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ?

### ഉത്തരം

(എ) ഇല്ല.

(ബി—ഡി) എ-യുടെ മറുപടിയുടെ വെളിച്ചത്തിൽ പ്രസക്തമല്ല.

(ഇ) സൈലന്റ് വാലിയിൽ കഞ്ചാവുകൃഷി നടക്കുന്നില്ല.

(എഫ് ആന്റ് ജി) പ്രസക്തമല്ല.

LIBRARY ARCHIVES Kerala Legislative Assembly